# ‘യഹോവക്കായി കാത്തിരിക്കുക’

## യെശയ്യാവു 30:18

**“അതുകൊണ്ടു യഹോവ നിങ്ങളോടു കൃപ കാണിപ്പാൻ താമസിക്കുന്നു; അതുകൊണ്ടു അവൻ നിങ്ങളോടു കരുണ കാണിക്കാതവണ്ണം ഉയർന്നിരിക്കുന്നു; യഹോവ ന്യായത്തിന്റെ ദൈവമല്ലോ; അവന്നായി കാത്തിരിക്കുന്നവരൊക്കെയും; ഭാഗ്യവാന്മാർ.”**

കൃപ, കരുണ, ദയ, മനസ്സലിവു എന്നിവയെല്ലാം ദൈവത്തിൽ നിന്ന് ദൈവേഷ്ടപ്രകാരം ഒരു വ്യക്തിയിലേക്ക് കടന്നു വരുന്നതാണ്. അത് നമ്മുടെ ആരുടെയും കഴിവോ മിടുക്കോ ഒന്നും നോക്കിയല്ല ദൈവം നമുക്ക് പകർന്നു നൽകുന്നത്. ദൈവത്തിന്നു ഒരുവന്നോട് കൃപ തോന്നണമെങ്കിൽ അതിനു വലിയ സമയമൊന്നും വേണമെന്നില്ല അതുപോലെ തന്നെ ചിലപ്പോൾ അതിന്നു താമസം നേരിടേണ്ടിയും വന്നേക്കാം. പക്ഷേ മേൽപറഞ്ഞ കാര്യങ്ങളൊന്നും നാം വിച്ചാരിക്കുന്നതു പോലെയോ നമ്മുടെ ആരുടെയും ഇഷ്ടപ്രകാരമോ അല്ല കടന്നു വരുന്നത്. ഈ വസ്തുതയെ അന്വർത്ഥമാക്കുന്ന ഒരു ദൈവ വചനഭാഗമാണ് നാം മേൽ വായിച്ചു കണ്ടത്. ദൈവത്തിനായി കാത്തിരിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ. ആ ഭാഗ്യാവസ്ഥ ഇന്നു എനിക്കും നിങ്ങൾക്കും പ്രാപിക്കാൻ കഴിയുന്നുണ്ടോ; ഒന്നു ശോധന ചെയ്തു നോക്കുക, കാരണം ദൈവത്തിന്റെ കൃപയും കരുണയും ദയയും മനസ്സലിവും ഒന്നും പ്രാപിക്കാതെ, ഒരു ദൈവപൈതലിന്നു; അവന്റെ ജീവിതം എന്നു പറയുന്നത് അസഹനീയമാണ.

സങ്കീർത്തനങ്ങൾ 34:7–8 ൽ ഇപ്രകാരം പറയുന്നു ‘യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു. യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ; അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ.’’

തന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ ഏതു സാഹചര്യത്തിലും വിടുവിക്കാൻ തക്ക ബലവാനായവനാണ് നമ്മുടെ ദൈവം എന്നു വചനം പറയുന്നു. അതോടൊപ്പം അവനെ രുചിച്ചറിവാനും ശരണം പ്രാപിക്കാനും പറഞ്ഞുവെക്കുന്നു. അങ്ങിനെയെങ്കിൽ നീ ഭാഗ്യവാൻ എന്നു വചനം പറയുന്നു. ദൈവത്തെ രുചിച്ചറിഞ്ഞ് അവനെ ശരണം പ്രാപിച്ച് അവന്നായി കാത്തിരിക്കുന്ന ഒരു ഭാഗ്യാവസ്ഥ. ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം അവന്റെ ജീവിതത്തിൽ ഏറ്റവും പരമപ്രധാനമായ ഒരു ജീവിതാവസ്ഥയാണത്. നമുക്കറിയാം ചെറുപ്രായത്തിൽ കുട്ടികൾക്ക് പാൽ കുടിക്കുവാൻ കൊടുക്കുമ്പോൾ ആദ്യം അവർ ഒരു വിമുത കാണിക്കും. എന്നാൽ ഒന്നു രുചിച്ചു

നോക്കിക്കഴിയുമ്പോൾ പിന്നീടങ്ങോട്ട് ഏറ്റവും ആഗ്രഹത്തോട് കൂടി അവർ അതു കുടിക്കുവാൻ തുടങ്ങും. ഇതു പോലെയായിരിക്കണം ഒരു ദൈവപൈതലിന്റെ ജീവിതം. ദൈവത്തെ രുചിച്ചറിഞ്ഞു കഴിഞ്ഞാൽ അവനെ ശരണം പ്രാപിക്കണമെന്നുള്ള അതിയായ ആഗ്രഹത്തോടു കൂടിയായിരിക്കണം നാം നമ്മുടെ ജീവിതം ക്രമീകരിക്കുവാൻ. അങ്ങിനെയെങ്കിൽ നമുക്ക് അവന്റെ കൃപയും ദയയുമൊക്കെ പ്രാപിക്കുവാൻ; അത് അവൻ നമ്മിൽ ചൊരിയുന്നതു വരെയും കാത്തിരിക്കുവാൻ ഉള്ള ഒരു മനസ്സൊരുക്കം വരുവാനിടയാകും.

അങ്ങിനെയെങ്കിൽ നാം നമ്മുടെ ജീവിതത്തിൽ വെറുതെ ദൈവപൈതൽ എന്നു പറഞ്ഞു ജീവിക്കുന്നതിലുപരിയായി അവനെ വാസ്തവത്തിൽ ഒന്നു രുചിച്ചറിയുവാനും അവനിൽ ശരണം പ്രാപിക്കുവാനും അവന്റെ സമയത്തിന്നായി കാത്തിരിക്കാനും ജീവിതത്തെ ക്രമീകരിക്കുവാൻ ശ്രമിക്കാം. ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം :**

യെശയ്യാവു 40:30-31

**"ബാല്യക്കാർ ക്ഷീണിച്ചു തളർന്നു പോകും; യൗവനക്കാരും ഇടറിവീഴും. എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകു അടിച്ചു കയറും; അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും."**

**ബ്രദർ. ബിനു ബേബി ആലപ്പുഴ 078**